# തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂൾ






# ഏടുകൾ മറിക്കുമ്പോൾ

## ഡിജിറ്റൽ മാഗസിൻ

# ഏടുകൾ മറിക്കുമ്പോൾ

Digital Magazine

Created By

**Little Kites Club**

**2018-19**

**THIRUVANGOOR HIGHER SECONDARY SCHOOL**

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഏട്ടുകൾ മറിക്കുമ്പോൾ | 5 |
| 2 | പ്രളയാനന്തര കേരളം എന്റെ കാഴ്ച്ചപാടിൽ | 12 |
| 3 | ഭാഷയും വിവിധമാധ്യമങ്ങളും | 13 |
| 4 | വേനൽ മഴ | 15 |
| 5 | പ്രളയം തന്ന പാഠം....... | 16 |
| 6 | മൗനത്തിന്റെ നിലവിളി..... | 18 |
| 7 | മരണം | 22 |
| 8 | പ്രളയാനന്തര കേരളം | 23 |
| 9 | बचपन की यादों मे | 24 |

# ആശംസ



തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ ക്ലാസിലെ കുട്ടികളുടെ കഥകളും കവിതകളും അടങ്ങിയ മാഗസിനിലെ ഉള്ളടക്കം ഡിജിറ്റലൈസ് ചെയ്ത ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങൾക്ക് സ്കൂളിന്റെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കുന്നു. അതോടൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പരിശീലകരായ അധ്യാപകർക്കും ആശംസകൾ നേരുന്നു.

ടി.കെ മോഹനാംബിക

പ്രധാന അധ്യാപിക

തിരുവങ്ങൂർ ഹയർ സെക്കണ്ടറി സ്കൂൾ

# ഏട്ടുകൾ മറിക്കുമ്പോൾ

"അങ്ങോട്ടു മാറിനിൽക്കെടാ.........."

അവൻ വല്ലാതെ വിറച്ചുപോയി. മെലിഞ്ഞുണങ്ങി ശോഷിച്ച ദേഹമായിരുന്നു അവന്റേത്. എണ്ണമയമില്ലാതെ പായുന്ന കാറ്റിനൊപ്പം പറക്കാൻ വെമ്പുന്ന നീണ്ട മുടിയിഴകൾ. പാതിയടഞ്ഞ കണ്ണുകൾ. ചുവന്നു തുടുത്ത മുഖത്തിന്റെ വലത്തേ കവിളിന്റെ അറ്റത്തായി കറുത്ത വട്ടത്തിലുള്ള വലിയ മറുക്. അവിടവിടെയായി തുന്നൽ വിട്ട് കീറിയ വെള്ളഷർട്ടും നരച്ച വെളുത്ത പാന്റ്സുമായിരുന്നു അവന്റെ വേഷം. ചെരുപ്പിന്റെ അവസ്ഥ വളരെ ശോചനീയകരമാണ്. അവിടവിടെയായി തേഞ്ഞ് ഓട്ടവെച്ചതും വള്ളി പൊട്ടിയതുമായ ചെരുപ്പിന്റെ അസ്വാസ്ഥ്യം മൂലം ഇഴഞ്ഞിഴഞ്ഞാണ് അവൻ നടക്കാറുള്ളത്. എന്നും നഖം കടിച്ചാണവൻ നിൽക്കുക. അവന്റെ കൈയിൽ ഞാൻ നഖങ്ങൾ കണ്ടിട്ടേയില്ല. എന്റെ കൈയിലുണ്ട്, നല്ലനീണ്ട, മുഴുത്ത, കൂർത്ത നഖങ്ങൾ. ഞാൻ നഖങ്ങൾ കടിക്കാറില്ല, എന്നാൽ വെട്ടാറുമില്ല. എന്റെ നഖത്തിനുള്ളിൽ നിറയെ അഴുക്കും പൊടിയും അടിഞ്ഞുകൂടിയിരിക്കുന്നു. എന്റെ നഖത്തിനുള്ളിൽ ഒരു വനം തന്നെയുണ്ടെന്ന് യൂസഫ് മാസ്റ്റർ പറയുമായിരുന്നു. യൂസഫ് മാസ്റ്റർ എന്റെ ക്ലാസ് മാസ്റ്ററാണ്. നഖം വെട്ടാതെ വന്നതിന് പലതവണ യൂസഫ് മാസ്റ്റർ എല്ലാവരുടേയും മുന്നിൽ വച്ച് തുടയ്ക്കടിക്കാറുണ്ടായിരുന്നു.

അവന്റെ നഖം അങ്ങനെയല്ല. അവൻ എപ്പോഴും അത് കടിച്ച് ക്ലീനാക്കും. ഞാൻ എന്റെ നഖങ്ങൾ ശ്രദ്ധിക്കാറേയില്ല. യൂസഫ് മാസ്റ്ററുടെ അടി ഭയന്ന് ഞാൻ പലപ്പോഴും നഖം വെട്ടാൻ ശ്രമിക്കുമെങ്കിലും എന്റെ മനസ്സാക്ഷി അതിന് സമ്മതിക്കില്ല. എനിക്ക് നഖം വെട്ടുന്നത് ഒട്ടും ഇഷ്ടമില്ല. ഞാൻ ഒരലസനാണ്. ഒരു ചെറിയ കാര്യം ചെയ്യാൻ പോലും എന്റെ മടി എന്നെ അനുവദിക്കാറില്ല. കളിക്കാൻ പോലും എനിക്ക് മടിയാണ്. എന്തിനേറെ പറയുന്നു നിലത്തുവീണ ഒരു പേന കുനിഞ്ഞെടുക്കാൻ പോലും എനിക്ക് മടിയാണ്. ക്ലാസിൽ എനിക്കങ്ങനെ ഒരിരട്ടപ്പേര് വരേയുണ്ട് "കുഴിമടിയൻ". ഇങ്ങനെ വിളിച്ച് എന്നെ എല്ലാവരും കളിയാക്കാറുണ്ട്. "എല്ലാവരും !" ആ ദുഷ്ടനായ ബാലൻ പോലും ! ബാലൻ ........ ! എനിക്കവന്റെ പേര് കേൾക്കുന്നത് അലർജിയാണ്. ബാലൻ

....... ദുഷ്ടൻ ........ പിന്നെ....... പിന്നെ .........ഞാവനനെ എന്തെങ്കിലുമൊക്കെ വിളിച്ചുപോകും! അത്രയ്ക്കുരിശമുണ്ടവനോടെനിക്ക്. പക്ഷേ ക്ലാസിലെ എല്ലാവർക്കും അവന്റെ കൂടെ

കൂട്ടുകൂടാനാണിഷ്ടം. എല്ലാവർക്കും അവനെപ്പോലെയാകാനാണിഷ്ടം. അവനൊരു വലിയ സംഭവമാണെന്നാണ് എല്ലാവരുടേയും വിശ്വാസം. കാരണമുണ്ട്... അവന് നല്ല ലോകപരിചയമുണ്ട് ! ക്ലാസിൽ ഏറ്റവും അറിവുള്ളത് അവനായിരുന്നു. എനിക്ക് 'കുഴിമടിയൻ' എന്ന് പേരുള്ളതുപോലെ ക്ലാസ്സിൽ അവനുമുണ്ടായിരുന്നു ഒരു പേര് "ജ്ഞാനി". അതവനെ കളിയാക്കാൻ വിളിച്ചതായിരുന്നില്ല. ബഹുമാന പുരസ്സരം വിളിക്കുന്നതാണ്. അവനെ ആരും ഇതുവരെ കളിയാക്കിയിട്ടില്ല. കളിയാക്കാൻ ആർക്കും ധൈര്യമില്ല എന്നതാണ് സത്യം.

“അങ്ങോട്ട് മാറിനില്ക്കാനല്ലേ പറഞ്ഞത്.”

മൂസ്സമാസ്റ്റർ തന്റെ വട്ടക്കണ്ണട ഒന്നുകൂടി നേരെയാക്കിക്കൊണ്ടു പറഞ്ഞു. അവനപ്പോഴും നഖം കടിച്ചുകൊണ്ടിരിക്കുകയായിരുന്നു.

“പറയെടാ .........”

അയാളുടെ വട്ടക്കണ്ണട വീണ്ടും വീണ്ടും മൂക്കിന്മേലേക്ക് പതിച്ചുകൊണ്ടിരുന്നു. അതിന് അതേ ജോലിയുണ്ടായിരുന്നുള്ളൂ ...................

സഹികെട്ട മൂസ മാസ്റ്റർ പറഞ്ഞു “നീ പറയില്ല അല്ലേ....”

അതൊരു സൂചനയായിരുന്നു. ഇനിയും പറഞ്ഞില്ലെങ്കിൽ കഥ കഴിഞ്ഞത് തന്നെ. മൂസ്സ മാസ്റ്റർ തന്റെ മേശ തുറന്ന് ചൂരലെടുത്തു. നീണ്ടു വളഞ്ഞ ചൂരൽ ! എന്നിട്ട് അയാൾ അടിക്കാനാഞ്ഞു. പക്ഷേ അടിച്ചില്ല. ചൂരൽ കൊണ്ട് മുഖത്ത് മെല്ലെ തട്ടി. “നീ പറയില്ലേ........” അതിന്ശേഷം ആഞ്ഞു വീശി കൈയ്യിന്റെ പേശികൾ നോക്കി ആഞ്ഞൊരുഅടി കൊടുത്തു. അവൻ പുളഞ്ഞ് പോയി. പക്ഷേ അവൻ കരഞ്ഞില്ല. ആ അടിക്കുശേഷം അയാൾ കുറച്ച് സമാധാനത്തിൽ ചോദിച്ചു.

“മോനേ....... നീ സത്യം പറയ്..... നീ ആണോ ആ ഭണ്ഡാരത്തിൽ നിന്നും പൈസ കട്ടെടുത്തത് ?”

“ഉം”

“എന്തിന് ?”

അതിന് അവന് മറുപടിയില്ല. അവൻ പൈസ കട്ടെടുത്തു. അത് അവൻ സമ്മതിച്ചുകഴിഞ്ഞു. പക്ഷേ അതിൽ കൂടുതലൊന്നും അവൻ പറയുന്നില്ല.

“ഉം... നീ പോയ് ക്ലാസിനു പുറത്ത് നിൽക്ക് ബാക്കി ഞാൻ കുറച്ച് കഴിഞ്ഞിട്ടു തരാം..”

അവൻ പോയില്ല. അവനെന്തോ പറയാനാഞ്ഞു.

“ഉം പോയ്ക്കോ.......”

അവൻ പറഞ്ഞില്ല. വള്ളി പൊട്ടിയ ചെരിപ്പുമായി അവൻ വേച്ചു വേച്ച് നടക്കാൻ തുടങ്ങി.

ഓഫീസിന് വെളിയിൽ നിന്ന് രംഗമൊക്കെ വീക്ഷിച്ചിരുന്ന എന്നെ അവൻ കണ്ടു. പെട്ടെന്ന് എന്തോ പിടിക്കപ്പെട്ടതുപോലെ ഞാൻ നിന്നു പരുങ്ങി.

അവൻ എന്നെ കണ്ടെങ്കിലും നോക്കാതെ മെല്ലെ നടന്നു പോയി..... ആ വള്ളി പൊട്ടിയ ചെരിപ്പുമായി......... വേച്ചു ......... വേച്ചു നടന്ന് ....... അവൻ നടന്ന് മറയുകയാണെന്ന് എനിക്ക് തോന്നി. ഞാനവന്റെ പിന്നാലെ നടന്നു. ഇല്ല അവനവിടെയുണ്ട്. ക്ലാസിന് പുറത്ത്... എനിക്ക് സമാധാനമായി. **രാജു,** അതാണവന്റെ പേര്. ഇക്കൊല്ലമാണ് അവൻ ചേർന്നത്. ഞാനും ബാലനുമെല്ലാം രണ്ടുകൊല്ലമായി ഇവിടെയുണ്ട്. എനിക്കോർമ്മയുണ്ട് അവൻ വന്ന ദിവസം. അവനെ മറ്റൊരു സ്കൂളിൽനിന്നും പറഞ്ഞുവിട്ടതായിരുന്നു. അതുകൊണ്ട് തന്നെ അവനെ ഇവിടെ ചേർത്ത് മറ്റ് കുട്ടികളെയും മോശമാക്കണ്ട എന്ന അഭിപ്രായങ്ങളൊക്കെ ഉയർന്നുവന്നിരുന്നു. പക്ഷേ അവന്റെ മാതാവ് അവരുടെ മുമ്പിൽ നെഞ്ചത്തടിച്ച് കരയാൻ തുടങ്ങിയപ്പോൾ

മറ്റൊന്നും നോക്കാതെ ഹെഡ്മാസ്റ്റർ അവനെ അവിടെ ചേർത്തു. ഫിഫ്ത്ത് സി ക്ലാസിൽ. അതായത് എന്റെ ക്ലാസിൽ. വന്ന ദിവസം തന്നെ എല്ലാവരും അവന്റെ പിറകെ കൂടി. ചിലർ അവന്റെ അവസ്ഥ കണ്ട് സഹതപത്തോടെ........ ചിലർ പുച്ഛത്തോടെയും.. എന്നാൽ ഞാൻ അവന്റെ അടുത്തേക്ക് ഇതുവരെ പോയിട്ടില്ല. അവനോട് ഒരു വാക്കു പോലും മിണ്ടിയിട്ടില്ല. എനിക്ക് എന്റെ ഇരിപ്പിടത്തിൽ നിന്നും പുറത്തിറങ്ങാൻ ഇഷ്ടമില്ലായിരുന്നു.

ഒന്നുകിൽ ഞാനവിടെ ഇരുന്ന് വായിക്കുകയായിരിക്കും. അല്ലെങ്കിൽ ഉമിനീരുമൊലിപ്പിച്ച് കിടന്നുറങ്ങുകയായിരിക്കും.

അവൻ അധികം സംസാരിക്കുന്ന കൂട്ടത്തിലല്ല. അതുകൊണ്ട് തന്നെ പിന്നീട് ആരും അവന്റെ അടുത്തേക്ക് പോയിട്ടില്ല. അവൻ വന്ന് രണ്ട് മൂന്ന് ദിവസം കഴിഞ്ഞതും അവന്റെ പേരിൽ ഒരു ആരോപണം വന്നു. ഓഫീസ് മുറിയിലെ ബൾബ് എറിഞ്ഞു പൊട്ടിച്ചത് അവനാണെന്ന്. പിന്നീടും അവന്റെ പേരിൽ നിരവധി കേസുകൾ വന്നുകൊണ്ടിരുന്നു. എല്ലാത്തിനും അവൻ കുറ്റം സമ്മതിച്ചു. എല്ലാദിവസവും അവൻ ക്ലാസിന് പുറത്തായിരുന്നു. നഖം കടിച്ചുകൊണ്ട് അവൻ വിദൂരതയിലേക്ക് കണ്ണും നട്ട് നിൽക്കും.

എന്തുകൊണ്ടാണ് അവനങ്ങനെ നിൽക്കുന്നതെന്ന് ഞാൻ പലതവണ ആലോചിച്ചിട്ടുണ്ട്. എനിക്ക് ഉത്തരം കിട്ടിയില്ല. വിദൂരതയിൽ അവൻ ആരെയാണ് നോക്കുന്നത്? അവൻ ഒരു വിചിത്ര ജീവി തന്നെയായിരുന്നു. എന്തുകൊണ്ടാണ് അവന്റെ ജീവിതം ഇങ്ങനെയായിപ്പോകുന്നത്? അവൻ കുറ്റം ചെയ്യുന്നു. പിടിക്കപ്പെടുന്നു. പക്ഷേ എന്നിട്ടും അവൻ വീണ്ടും തന്റെ പണി തുടരുന്നു. അവൻ ചെയ്യുന്ന എല്ലാ പ്രവർത്തികളും പിടിക്കപ്പെട്ടിട്ടും അവനെന്താണ് പഠിക്കാത്തത്? ദിവസവും ക്ലാസിന് പുറത്ത് നിന്ന് അവന്റെ കാൽ കുഴഞ്ഞു പോകില്ലേ? അവന് വേദനിക്കില്ലേ?

എനിക്കത്ഭുതം തോന്നി! ആദ്യമായിട്ടാണ് ഞാൻ എന്നെക്കുറിച്ചല്ലാതെ മറ്റൊരാളെക്കുറിച്ച് ചിന്തിക്കുന്നത്. അവൻ എന്നെ ആകർഷിപ്പിക്കുന്നു. അവൻ എന്റെ മനം കവർന്നിരിക്കുന്നു. അവൻ എന്റെ ...എന്താ പറയുക? എന്റെ ഉറക്കം തന്നെ ഇല്ലാതാക്കിക്കളഞ്ഞിരിക്കുന്നു. എപ്പോഴും എനിക്ക് അവനെ കുറിച്ച് മാത്രമായിരിക്കും

ചിന്ത. എന്തുകൊണ്ടാണ് അവൻ തെറ്റുകൾക്കുമീതെ തെറ്റുകൾ തന്നെ ചെയ്യുന്നത് .............???

അന്നൊരു ദിവസം ഞാൻ നേരത്തെ ക്ലാസിലെത്തിയിരുന്നു. അവനെക്കുറിച്ചോർത്തു ഞാനുറങ്ങാറില്ല. ഉറക്കം തളംകെട്ടിയ കണ്ണുകളുമായി കുളിക്കാതെയായിരുന്നു ഞാൻ ക്ലാസിൽ വന്നിരുന്നത്. ഞാൻ എന്റെ ഇരുപ്പിടത്തിൽ ചുമ്മാ കുത്തിയിരുന്നു. ബോറടി മാറ്റാനായി ടി.പത്മനാഭന്റെ 'ഗൗരി' കൈയ്യിലെടുത്തു. അത് ഞാൻ രണ്ട് തവണ വായിച്ചു കഴിഞ്ഞതാണ്. എന്നാലും എന്റെ കൂടെ എപ്പോഴും ആ പുസ്തകമുണ്ടാകും. ഓരോ തവണ വായിക്കുമ്പോഴും ഒരു പുതുമ എനിക്കനുഭവപ്പെടും. എന്താണെന്നറില്ല ഇത് ആദ്യമായി വായിക്കുന്നതുപോലെ വീണ്ടും വീണ്ടും വായിക്കാൻ തോന്നും. അത് ടി. പത്മനാഭൻ എന്ന അനുഗ്രഹീതനായ കലാകാരന്റെ മാജിക്ക് ആണ്. അനുഗ്രഹീതനായ കലാകാരൻ എന്നല്ലാതെ ഞാനെന്താണ് വിശേഷിപ്പിക്കുക. ആ അനുഗ്രഹം ചിലർക്ക് മാത്രമേ കിട്ടുകയുള്ളൂ.

ഞാൻ ആ പുസ്തകത്തിൽ മുഴുകിയിരിക്കുകയായിരുന്നു..

അപ്പോഴും അവൻ അവിടെ പുറത്ത് നിൽക്കുന്നുണ്ടായിരുന്നു..

വിദൂരതയിലേക്ക് കണ്ണും നട്ട്.............

ഇടക്ക് ഞാനവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്നാൽ അവനെന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. അവന്റെ ശ്രദ്ധ വിദൂരതയിലേക്ക് മാത്രമായിരുന്നു. അനന്തമായ ആകാശം മാത്രമായിരുന്നു അവൻ കാണുന്നത്. ഭൂമി അവന്റെ കണ്ണിനു മുന്നിൽ അപ്രത്യക്ഷമാണ്. ഹൊ വല്ലാത്തൊരു ചെക്കൻ തന്നെ...

അങ്ങനെയിരിക്കുമ്പോഴാണ് അത് സംഭവിച്ചത്, ക്ലാസിൽ നേരത്തെ വന്ന മറ്റൊരു കുട്ടി ക്ലാസിലൂടെ ഓടിക്കളിക്കുകയായിരുന്നു. അവൻ ഓടിക്കളിക്കുന്നതിനിടയിൽ അവന്റെ കൈ തട്ടി പുസ്തകം തെറിച്ചുവീണു. അത് ദൂരെ ചെന്ന് നിലം പതിച്ചു. ഞാനതെടുത്തുനോക്കി. അതിൽ നിറയെ ചളി പറ്റിയിരിക്കുന്നു. നിലത്തെ വെള്ളവും ചളിയുമെല്ലാം പറ്റി പുസ്തകമാകെ നനഞ്ഞ് കുതിർന്നിരിക്കുന്നു. എനിക്ക് കലശലായ

ദേഷ്യം വന്നു. ഞാനൊരു മുൻശുണ്ഠിക്കാരനായിരുന്നു. അതിന്റെ ഭവിഷ്യത്തുകൾ പിൽക്കാലത്ത് ഞാനനുഭവിച്ചിരുന്നു. ഞാൻ പെട്ടെന്ന് പൊട്ടിത്തെറിച്ചു. പെട്ടെന്ന് കൈയ്യിൽ കിട്ടിയ ഒരു ബെഞ്ചിന്റെ ചെറിയ കാലെടുത്ത് ഞാനവന്റെ കഴുത്തിന് നോക്കി ഒരടി കൊടുത്തു. ആ നിമിഷം അവൻ നിലം പതിച്ചു. അപ്പോഴാണ് എനിക്ക് സ്വബോധമുണ്ടായത്. ഞാൻ ഞെട്ടിത്തരിച്ചു. അത് ബാലുവായിരുന്നു. ബാലു ... ബാലു... അയ്യോ അവനതാ നിലത്ത് കിടക്കുന്നു. എന്റെ ഹൃദയം ഒരു മോട്ടോറിന്റെ വേഗത്തിൽ തുടിക്കാൻ തുടങ്ങി. ഞാൻ മോഹാലസ്യപ്പെട്ടു വീഴുമെന്ന നിലയിലായി. പെട്ടെന്ന് എന്റെ കൈക്ക് ആരോ പിടിച്ചു. സാവധാനം ആ കൈ തോളിലേക്കും വ്യാപിച്ചു. വീഴാൻ പോകുന്ന എന്നെ ആരോ വാരിപ്പുണർന്നു. എന്റെ കണ്ണുകളിലെ കാഴ്ച മങ്ങിയിരുന്നു. എന്നാൽ ആ മങ്ങലിലും അതാരാണെന്ന് ഞാൻ വ്യക്തമായി കണ്ടു. ആരാണത് ? ആര് രാജുവോ ? അതെ.... രാജു തന്നെ. ഞാനവനെ താങ്ങിനിന്നു. അവനെന്നെ എവിടെയോ കിടത്തി. പതിയെ പതിയെ ഞാൻ മയക്കത്തിലേക്ക് വഴുതി വീണു. അൽപ്പനേരം കഴിഞ്ഞു ഞാൻ കണ്ണ് തുറന്നു. എന്റെ മുൻപിൽ യൂസഫ് മാസ്റ്ററും രമേശൻ മാസ്റ്ററും വിജയൻ മാസ്റ്ററും മറ്റ് പല അധ്യാപകരും നിരന്നു നിൽക്കുന്നു. കുറച്ചകലെ രാജുവും മൂസ്സ മാസ്റ്ററും നിൽക്കുന്നു. മൂസ്സ മാസ്റ്റർ അവനെ അടിക്കാൻ പോവുകയാണ്. അയ്യോ .... മൂസ്സ മാസ്റ്ററുടെ വടി അവന്റെ ദേഹത്ത് വീഴുകയാണ്. അതാ വീണു! പക്ഷേ അവൻ കരഞ്ഞില്ല. ഇടക്ക് അവൻ എന്നെ നോക്കി പുഞ്ചിരിച്ചുവെന്ന് തോന്നുന്നു. മൂസ്സ മാസ്റ്റർ അവനെ പൊതിരെ തല്ലുകയാണ്. ഒന്നും ചെയ്യാനാകാതെ ക്രൂരനായി നോക്കിനിൽക്കുകയാണ് ഞാനെന്ന ദുഷ്ടൻ. ഹയ്യോ.... എനിക്കത് കാണാൻ വയ്യ....... ഞാനെന്റെ കണ്ണുകൾ പൊത്തിക്കളഞ്ഞു. എന്റെ ചുറ്റുമുള്ളവരെല്ലാം അമ്പരന്നുപോയി. അവരെന്റെ കൈകൾ അടർത്തിമാറ്റി. “മോനേ നിനക്കെന്താ പറ്റിയത് ?”

“അവൻ ..... ആ രാജു .......... നിന്നെയും മർദ്ദിച്ചു അല്ലേ.....” ഞാനപ്പോഴാണ് നോക്കുന്നത് ബാലു അവിടെയില്ല. അവനെ ആശുപത്രിയിലേക്ക് കൊണ്ടുപോയിട്ടുണ്ടാവും....

രാജുവിനെ സ്കൂളിൽ നിന്നും പിരിച്ചുവിട്ടു. ഇപ്പഴും ബാല്യകാലസ്മരണകളിലേക്ക് കടക്കുമ്പോൾ ആദ്യം കടന്ന് വരിക ഈ കാര്യമാണ്. ഈ സംഭവം ഇപ്പോഴും എന്നെ

വേട്ടയാടുന്നു. ഇപ്പോഴും എന്റെ കണ്ണുകളെ ഈറനണിയിക്കുന്നു. അതുകൊണ്ട് ഈ സംഭവം ഓർക്കാതെ വയ്യ. സ്കൂൾ പഠനത്തിന് ശേഷം ഞാനവനെ ഏറെ അന്വേഷിച്ചുവെങ്കിലും കണ്ടെത്താനായില്ല. ഈ ലോകത്തിന്റെ ഏതെങ്കിലും ഒരു മൂലയിൽ ആരുടെയെങ്കിലും കുറ്റം പേറി അവനിപ്പോഴും ജീവിച്ചിരിക്കുന്നുണ്ടാവും. ഉണ്ടാവട്ടെ..........

ആഷിക് അബ്ദുള്ള

# പ്രളയാനന്തര കേരളം എന്റെ കാഴ്ചപാടിൽ

–

പ്രളയം കേരളത്തെ കാർന്നു തിന്നാൻ വന്നു
പക്ഷേ ജനങ്ങൾ ഒറ്റക്കെട്ടായി നിന്നു
പ്രളയത്തെ തിരിച്ചയച്ചു
നമ്മൾ തിരിച്ചുപിടിക്കും കാരണം
ഇത് കേരളമാണ്
നവകേരള സൃഷ്ടിക്കായി നമ്മൾ പ്രയത്നിച്ചു
ദൈവത്തിന്റെ സ്വന്തം നാടായ കേരളം
അത് നിലനില്ക്കും അല്ല
നില നിർത്തും നമ്മൾ

അഥീന സി പി

# ഭാഷയും വിവിധമാധ്യമങ്ങളും

കാലഘട്ടത്തിന് അനുസരിച്ചുണ്ടായ മാറ്റത്തിന് മാധ്യമങ്ങൾ വളരെ അധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ലോകമെമ്പാടും ഉള്ള കാര്യങ്ങൾ ഞൊടിയിടയിൽ അറിയാൻ കഴിയുന്നത് മാധ്യമങ്ങളുടെ സഹായത്താലാണ്. ഇതിന്റെയൊക്കെ സ്വാധീനം നമ്മുടെ ഭാഷയിലും സംസ്കാരത്തിലും സാഹിത്യത്തിലും കാണാവുന്നതാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് മാധ്യമങ്ങളിലും മാറ്റം വന്നു. ആദ്യം വർത്തമാന പത്രങ്ങളിൽ തുടങ്ങിയെങ്കിൽ ഇന്നത് കമ്പ്യൂട്ടറിൽ എത്തിനിൽക്കുന്നു. പത്രമാധ്യമം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവ ഭാഷയിൽ വളരെ അധികം സ്വാധീനം ചെലുത്തുന്നുണ്ട്.

ലോകത്തിന്റെ കണ്ണാടിയാണ് പത്രം. സമൂഹനന്മയെ ലക്ഷ്യമാക്കുന്നവയാണ് പത്രങ്ങൾ. ലോകവുമായുള്ള ബന്ധം നമ്മൾ തിരിച്ചറിയുന്നത് പത്രങ്ങളിലൂടെയാണ്. ആധ്യകാലത്ത് പത്രങ്ങളുടെ എണ്ണം കുറവായിരുന്നെങ്കിൽ ഇന്ന് അവയുടെ എണ്ണലിൽ സംഭവിച്ചിരിക്കുന്നത് വൻ കുത്തൊഴുക്കാണ്. മലയാളത്തിൽ ധാരാളം ഭാഷാപപത്രങ്ങൾ പുറത്തുവരുന്നുണ്ട്. ഇത് കേരളീയ ജീവിതത്തിന്റെ സാമൂഹിക – സാമ്പത്തിക - സാംസ്കാരിക മേഖലകളിലെല്ലാം പുതിയ തീരങ്ങൾ സൃഷ്ടിക്കുന്നു. മധുരമലയാളം എന്റെമലയാളം, കുട്ടി...കോം, പഠിപ്പുര എന്നിവയിലൂടെയെല്ലാം ഭാഷയുടെ പ്രാധാന്യത്തേയും അത് വളർന്ന് ഒരു ഭാഷയായി തീരേണ്ട ആവശ്യകതയെ കുറിച്ചുമെല്ലാം നമ്മേ ബോധ്യപ്പെടുത്തുന്നതിനും വളർന്നു വരുന്ന യുവ തലമുറയെ ചെറുപ്പം മുതലേ ഭാഷയെ സ്നേഹിക്കാനും മാതൃഭാഷ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയാനും വേണ്ടിയാണ്. മലയാള ഭാഷയെ ആധുനികവും ജനകീയവുമാക്കുന്നതിൽ പത്രങ്ങൾ വഹിച്ചു വരുന്ന പങ്ക് വളരെ വലുതാണ്.

മലയാള ഭാഷയിൽ മറ്റൊരു പരിവർത്തനത്തിന് മാറ്റം കുറിച്ച മാധ്യമമാണ് റേഡിയോ. ശബ്ദങ്ങളിലൂടെയുള്ള അവതരണമാണെങ്കിൽ കൂടി ശ്രോതാവിന്റെ ഭാവനയെ തൊട്ടുണർത്താൻ ഉത്തമമാണ് റേഡിയോ. വിനോദത്തിനും വിജ്ഞാനത്തിനും പുറമേ മാനുഷിക മൂല്യങ്ങളുടെ വികസനവും റേഡിയോ പ്രേഷണം ലഭ്യമാക്കുന്നു. നിരക്ഷരരായിരുന്ന ജനങ്ങളിലേക്ക് വൈവിധ്യമാർന്ന പരിപാടികളിലൂടെ റേഡിയോ പ്രേഷണം കടന്നുവന്നപ്പോൾ

അവരുടെ ഭാഷാപരിചയം സമ്പന്നമായി. ഇങ്ങനെ ഭാഷയുടേയും സംസ്കാരത്തിന്റേയും വളർച്ചയ്ക്ക് റേഡിയോ പങ്ക്വഹിച്ചു.

മലയാളഭാഷ സമ്പന്നമാക്കുന്നതിൽ ടെലിവിഷൻ പരിപാടികൾ വളരെ സഹായിച്ചിട്ടുണ്ട്. ഇന്ത്യയിലേറ്റവും കൂടുതൽ ചാനലുകളുള്ള പ്രാദേശിക ഭാഷയായി മലയാളം മാറിയിരിക്കുന്നു. മലയാള ഭാഷമാത്രം കൈകാര്യം ചെയ്യുന്ന ഒട്ടനവധി ടി.വി ചാനലുകൾ ഇന്ന് നമുക്കുണ്ട്.

ഇന്ന് ഏറ്റവും സുതാര്യമായി സാധാരണക്കാരനോട് സംവദിക്കുന്ന ഉപാദിയാണ് മൊബൈൽ ഫോൺ. ആശയവിനിമയത്തിന്റെ ഒരു ലോകം ഇത് സൃഷ്ടിക്കുന്നു. സാംസ്കാരികമായ ഒരു പൊതു വിനിമയ മണ്ഡലം അവ സാധ്യമാക്കുന്നു.

ആശയവിനിമയത്തിന്റെ വിപ്ലവം സാധ്യമാക്കുന്നതോടൊപ്പം ലോകത്തെ മുഴുവൻ ജനതയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ശൃംഖലയാണ് കംപ്യൂട്ടർ ഇന്റർനെറ്റ്. സംസ്ഥാനത്തിനകത്തും പുറത്തും ജീവിക്കുന്ന ലക്ഷക്കണക്കിന് മലയാളികൾക്കും അവരുടെ പിൻ തലമുറകൾക്കും മലയാളഭാഷ പഠിക്കുന്നതിനുള്ള സൗകര്യം ഇന്ന് ഇന്റർനെറ്റ് നൽകുന്നുണ്ട്.

ആശയവിനിമയത്തിനുള്ള ഉപാധിയാണ് മാധ്യമങ്ങൾ. വിവരവിജ്ഞാനങ്ങളെ ശേഖരിക്കുകയും കൈമാറ്റം ചെയ്യുകയുമാണ് മാധ്യമങ്ങളുടെ ലക്ഷ്യം. ഇത്തരം മാധ്യമങ്ങൾ ഭാഷയുമായി ഗാഢ ബന്ധം പുലർത്തുന്നു.

അഭിനേന്ദു ജി എസ്

# വേനൽ മഴ

വേനലിൽ മുഴുകി നിൽക്കുന്ന ഭൂമിയിൽ

കുളിരായ് മഴത്തുള്ളി പെയ്തു വീണു.

രാത്രിയിൽ മഴയുടെ സ്നേഹ സ്പർശങ്ങൾ

ആനന്ദ മുഖരിതാം തലോടലായ്

ഒരമ്മതൻ വാത്സല്യമായ്

വർഷബിന്ദുക്കൾ പെയ്തനേരം

എൻമനമാകെ കുളിർത്തുപോയ്

ഒരു നറുപുഷ്പമായ് വിരിഞ്ഞുഞാൻ

ഒരു മയൂരമായി ഞാനാടിയനേരം

എത്ര സ്വാന്തനമേകിയെന്നോ

കുയിലായ് ഞാൻ പാടിയനേരവും

എത്ര മധുരമായ് മാറിയെന്നോ

ഭൂമിക്കു കുളിർമ്മയേകാൻ വേണ്ടി

വീണ്ടും മഴയതാ ചൊരിയുന്നു.....

# പ്രളയം തന്ന പാഠം.......

കേരം തിങ്ങും കേരളനാടിനെ
കോരിയെടുത്ത മഹാപ്രളയം
മലനാടിൻ മലയാളമനസ്സുകൾ
മൗനമൊന്നായ്നിന്നാ നിമിഷം

നാമായ്ചെയ്തോരു ചെയ്തികളെല്ലാം
നമ്മെത്തന്നെ തകർത്താനേരം
നമ്മൾപഠിച്ചൊരു പാഠങ്ങൾ
മറ്റേതൊരിടത്തു പഠിക്കും നാം?

കാർന്നു കരണ്ടാ കുന്നുകളെല്ലാം
വെള്ളപാച്ചിലിലൊഴുകിയ നേരം
കല്ലിൻമുനകൾ നിറഞ്ഞമനസ്സുകൾ
കണ്ടൂ നാമാ വെള്ളപ്പാച്ചിലിൽ!

പുഴയാം മകളുടെ ഗതിമാറ്റം കണ്ടു-
നാം ഗതികെട്ടോടിയതിൻ കൂടെ
പുഴയും വഴിയും ഒന്നായ്കൂടെ
ഒന്നായ്മാറി നമ്മളുപ്പോൾ!

വിഷമയമായാ പുഴയാം മകൾതൻ
മനതാരൊന്നു തുറന്നപ്പോൾ
നമ്മുടെ നോവിനൊപ്പം കണ്ടൂ
മകളുടെ മനതിലെ നോവെല്ലാം

ഒലിച്ചുപോയ പുസ്തകത്തിലും വലിയ,
'വലിയ' പാഠങ്ങൾ പഠിച്ചു നാം
ഇനിയാ പാഠം മറക്കില്ല
ഇല്ലെനിയാനോവുകൾ മായില്ല.

ഈ മലയാളക്കര തളരില്ല
തളരുകയില്ലെനിയിടറില്ല
പ്രളയം തന്ന കരുത്തുണ്ട് ഇനി
നമ്മുടെ ജീവിതവീഥിയിലെന്നും

ആ ഉൾക്കരുത്തിൻ ശക്തിയിലൂടെ
മുന്നേറും നാമെന്നെന്നും
നല്ലൊരു ലോകം പണിയാനായിനി
നന്മതൻ നാളയെ വരവേൽക്കാൻ!

അഭിരാമി കെ വി

# മൗനത്തിന്റെ നിലവിളി.....

സായാഹ്ന സൂര്യന്റെ മടിത്തട്ടിലിരുന്ന് കുശലം പറയുകയായിരുന്നു ഞങ്ങൾ. ഏറെ കാലത്തിന് ശേഷമുള്ള ഒരു കൂടി കാഴ്ചയാണ്. സൂര്യന്റെ വിടവാങ്ങലിനു സാക്ഷിയായി അനേക നേരം ഞങ്ങൾ മൗനമായിരുന്നു. ആൾക്കൂട്ടത്തിന്റെ അവ്യക്തമായ ഇരമ്പൽ കാതുകളിൽ മുഴങ്ങി കൊണ്ടേയിരുന്നു. ഏറെ കാലത്തിനു ശേഷമാണ് അവളുടെ മുഖത്ത്ഞാൻ ഇത്ര സന്തോഷം കാണുന്നത്.എനിക്കു മുമ്പിൽ അവൾ ധരിച്ച വെറും മുഖംമൂടിയാണത് എന്ന് മനസ്സിലാക്കിയ ഞാൻ, ആ മുഖം മൂടി ധരിക്കാനിടയായ സാഹചര്യം തിരക്കി! അവൾ മൗനം പാലിച്ചു. അതിശക്തമായ കൊടുംകാറ്റിന്റെ ആരവം പോലെ ഒരു നീണ്ട നെടുവീർപ്പോടെ അവൾ പറഞ്ഞു.

"എനിക്ക് യാത്ര പോകണം!"

"എങ്ങോട്ട് ?" ഞാൻ അന്വേഷിച്ചു.

"ആരും തേടിവരാത്ത ഒരിടത്തേക്ക്....! ഓർമ്മകൾ പോലും കയറിവരാൻ മടിക്കുന്ന ഒരിടത്തേക്ക്........."

ഒരു മറുപടി അവൾ എനിക്കു നൽകുമ്പോൾ അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാര-ധാരയായി ഒഴുകുന്നുണ്ടായിരുന്നു. കൊഴിഞ്ഞുവീണ ഇന്നലകളുടെ ബാക്കിപത്രമാവാം അവൾ അവിടെ നിന്നും എഴുന്നേറ്റ് കടൽത്തീരത്തേക്ക് നടന്നു. അലതല്ലുന്ന തിരമാലകൾ അവളുടെ മനോഹരങ്ങളായ പാദങ്ങളെ ചുംബിച്ചു. കുളിർത്ത മണിത്തെന്നൽ അവളുടെ മുടിഴിയകളെ അലങ്കോലമാക്കി, അവളെ തഴുകി തളർന്നു. അറ്റം കാണാത്ത നിസ്സഹായതയെ നോക്കിക്കൊണ്ട് ഒരു വ്യർത്ഥമായ കാത്തിരിപ്പ് അവൾ തുടർന്നു. നേരം ഏറെ ഇരുട്ടിയിരിക്കുന്നു. അന്ധകാരം ചുറ്റിലും വ്യാപിച്ചു തുടങ്ങിയിരിക്കുന്നു. ആകാശത്ത് പൂർണ്ണചന്ദ്രൻ ഞങ്ങളെ നോക്കി പുഞ്ചിരി തൂകി. നക്ഷത്രങ്ങൾ ഒരു വഴികാട്ടിയെന്നപോലെ ഞങ്ങളുടെ പാതയിൽ പ്രകാശം പടർത്തി. ഞാൻ എഴുന്നേറ്റ് പോയി അവളുടെ തോളിൽ കൈവച്ചു. അടി കാണാത്ത ഗർത്തത്തിലേക്ക് വഴുതി വീഴുന്ന പോലെ അവളെന്റെ ദേഹത്തേക്ക് വീണു....! ഞാനവളെ വിട്ടു പോവുമെന്ന ആവലാതി അവളെ അലട്ടിയതിനാലാവാം അവൾ എന്നെ മുറുകെ പിടിച്ചത്. എന്റെ ശരീരത്തിലെ ഞരമ്പുകൾ അറ്റു പോവുന്നതായി അനുഭവപ്പെട്ടു.

"നേരമിരുട്ടി...വരൂ നമുക്ക് പോവാം ഡാ...!" ശബ്ദമെടുക്കാൻ ബുദ്ധിമുട്ടിയെങ്കിലും ഞാനവളുടെ കാതുകളിൽ പറഞ്ഞു.

“ഉം...” അവൾ മൂളുക മാത്രം ചെയ്തു.

ഞങ്ങൾ തെരുവ്‌വീഥികളിലൂടെ നടന്നകന്നു... മൗനം അവളിലേക്ക് ആഗതമായിരുന്നു അപ്പോൾ. ഞങ്ങൾ വളരെ ക്ഷീണിതരായിരുന്നു. ഏകാന്തത എന്നെ അസ്വസ്ഥയാക്കി. അവളുടെ മൗനം എന്നെ നൊമ്പരപ്പെടുത്തി. കാലുകൾ 'വയ്യാ...'എന്ന് വിളിച്ചു കൂകിയപ്പോൾ  റെയിൽവേ സ്റ്റേഷന്റെ പടിഞ്ഞാറു വശത്തെ ഇരിപ്പിടത്തിൽ ഞങ്ങൾ അഭയം പ്രാപിച്ചു. അപ്പോൾ ആ മൗനത്തിന്റെ നിലവിളി ഞാൻ ശ്രവിച്ചു. അതിയായ താപഭാരത്തോടെ അവൾ നിശ്വസിച്ചു. ദൂരെ ഒരു ഉണക്കക്കൊമ്പിൽ കുമദമ്പതിമാരുടെ കുടുംബകലഹം കേട്ടുകൊണ്ട് അവിടെ ഇരിപ്പുറപ്പിച്ചു.

അപഞ്ചലമായ നിശ്ചയദാർഢ്യത്തോടെ അവൾ തുടർന്നു...

“എനിക്ക് യാത്ര പോകണം...! ആരും തേടിവരാത്ത ഒരിടത്തേക്ക് എനിക്കു പോകണം. അവിടെ എനിക്കെന്റെ ഓർമ്മകളെയെല്ലാം കുഴിച്ചു മൂടണം. തിരികെയെത്തുമ്പോൾ ഞാൻ പുതിയ ഒരു മനുഷ്യനായിരിക്കണം. അവിടെ എനിക്ക് ഒരു പുതിയ ജീവിതം ആരംഭിക്കണം".....

“എന്താടാ ഇങ്ങനെയൊക്കെ?” കരഞ്ഞു തുടുത്ത കവിൾത്തടത്തിലെ കണ്ണീർ കണികകൾ മെല്ലെ തുടച്ചു കൊണ്ട് ഞാൻ ചോദിച്ചു.

“അതെടാ.... ഈ നശിച്ച ഓർമ്മകൾ എനിക്കെന്റെ ജീവിതത്തിൽ നിന്നും തുടച്ചു നീക്കണം. ആ ഓർമ്മകൾ എന്നെ മുറിവേൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട്  എനിക്ക് മറന്നേ പറ്റൂ.... ഡാ....!”

എല്ലാം നിശ്ചയമായിരിക്കുന്നു! ഒരു കാറ്റു പോലും വീശുന്നില്ല.... ഒരില പോലും അനങ്ങുന്നില്ല.... ഒരു പക്ഷി പോലും കരയുന്നില്ല....എല്ലാം നിശ്ചലമായിരിക്കുന്നു. അപ്പോഴും അവിടെ മുഴങ്ങി നിൽക്കുന്ന ആ മൗനത്തിന്റെ നിലവിളി ഞാൻ ശ്രവിച്ചു.

“ശരി! നമുക്ക് പോകാം.... നാളെ പുലർച്ചെ 4.30 ന് ഒരു വണ്ടിയുണ്ട്. ആ വണ്ടി ഏതറ്റം വരെ പോകുന്നുവോ.... ആ അറ്റം വരെ നമുക്ക് യാത്ര ചെയ്യാം.... ആ യാത്രയിൽ എല്ലാ ഓർമ്മകളെയും നമുക്ക് ഒഴുക്കി കളയാം...!” ഞാൻ പറഞ്ഞു.

അപ്പോൾ ഒരു വണ്ടി ട്രാക്കിൽ കൂടെ കടന്നു പോയി. ശ്രവണത്തിനപ്പുറമുള്ളതായിരുന്നു ആ ശബ്ദം. അതിനാലാവാം കാതുകൾ മരവിച്ചിരുന്നത്. ആകാശത്തെ നക്ഷത്രങ്ങളെ നോക്കി പുഞ്ചിരിച്ചു കൊണ്ട് അവൾ ആ ഇരിപ്പിടത്തിൽ കിടന്നു. ഞാൻ അവൾക്ക് സമീപത്തായും ഇരുന്നു. പുലർച്ചെ 4.30 ന് കൃത്യം വണ്ടി സ്റ്റേഷനിലെത്തി. ഞങ്ങൾ ധൃതിയിൽ എഴുന്നേറ്റ് പോയി വണ്ടിയിൽ കയറിയിരുന്നു. അഴിഞ്ഞു ചിതറിയ മുടിയവൾ വാരി കെട്ടി വെച്ചു. മൂകവേദന മൂടിയിരുന്നെങ്കിലും ആ മുഖം കമനീയമായ് എനിക്കു തോന്നി. ആ തീവണ്ടി യാത്രയ്ക്കിടയിൽ ആ സുന്ദരസുലഭിലമായ പ്രണയകാലഘട്ടത്തിലേക്ക് ഞങ്ങൾ കടന്നു ചെന്നു. ഞങ്ങളുടെ ഇന്നലെകളിലേക്ക് ! സ്വപ്ന രാജ്യങ്ങളിൽ സഞ്ചരിക്കുന്ന അവർ! അല്ല... ല്ല! അവർ. അതെ, അവർ! അന്ന ആ കറുത്ത

ദിവസം, 2017 ഫിബ്രവരി 13. ഇരുവരുടെയും പ്രണയം തളിർത്ത പൂവിട്ട് തട്ടും തടവും ഇല്ലാതെ പോവാൻ തുടങ്ങിയിട്ട് അഞ്ച് വർഷം തികയുന്നു.അവരുടെ ദിനങ്ങളായിരുന്നു അവ. അവരുടെ ജീവിതത്തിലെ സുന്ദര സുരഭില മധുരങ്ങളായ ഏടുകൾ. വളരെയേറെ സന്തോഷവും ആഹ്ളാദവും നിറഞ്ഞതായ് മാറിയ ആദിവസം വൈകീട്ട് അവൻ അവളെ കാണാൻ വീണ്ടും വന്നു. അവനെ കണ്ട ഉടനെ അവൾ ഓടിയടുത്തെത്തി.ഞങ്ങൾ ചുറ്റിലും വട്ടം കൂടി.

"ഈ ബന്ധം ഇനി മുന്നോട്ടു കൊണ്ടുപോകുന്നതിൽ എനിക്കു താൽപര്യം ഇല്ല."എന്നവൻ പറഞ്ഞപ്പോൾ ഒരു നിമിഷം ഞങ്ങളെല്ലാവരും ഞെട്ടിത്തരിച്ചുനിന്നു.എന്റെ കണ്ണുകൾ അവളുടെ മേൽ പതിച്ചു.അവൾ നിശ്ചലയായ് നിൽക്കുന്നു.കണ്ണുകളിൽ കണ്ണുനീർ തടം കെട്ടി കിടക്കുന്നു.എപ്പോൾ വേണമെങ്കിലും ഹൃദയം തകർന്ന് വീഴാം എന്ന മട്ടിൽ !

"എടാ നീ എന്ത് ഭ്രാന്തായീ പറയണേ....."കൂട്ടത്തിൽ ഒരാൾ ശബ്ദമുയർത്തി."യെസ്!അതെ.....ഈ ബന്ധം ഇനി തുടരാൻ ഞാൻ ആഗ്രഹിക്കുന്നില്ല.ഈ ലോകത്ത് ഞാൻ ഏറ്റവും കൂടുതൽ വെറുക്കുന്ന ഒരു സ്ത്രീയാണ് എന്റെ അമ്മ. ആ സ്ത്രീയുടെ മുഖഛായയുള്ള ഇവളെ ഞാൻ എങ്ങനെയാണ് എന്റെ ജീവിതത്തിലേക്ക് കൈപിടിച്ച് കയറ്റുക....നോ!അത് സാധ്യമല്ല...."സോ വി കാൻ സ്റ്റോപ്പ് ഹിയർ."

അവന്റെ ശബ്ദം പ്രപഞ്ചത്തചിലാകെ മുഴങ്ങി നിന്നു.

"ഈ അഞ്ചു വർഷത്തിനിടയ്ക്ക് ഇപ്പോഴാണോ ....നിനക്ക് ഇങ്ങനെ തോന്നിയത്?"ഒരുപക്ഷേ എന്റെ ഈ ചോദ്യത്തിന് മറുപടിയായ് നൽകാൻ അവന്റെ പക്കൽ ഉത്തരമില്ലാത്തതുകൊണ്ടാവാം....ആ മൗനത്തിന്റെ നിലവിളി അവിടെ മുഴങ്ങി കേട്ടത്.

അവൻ ഞങ്ങളിൽനിന്നും നടന്നകലുകയാണ്....."എല്ലാം വിധി"എന്നു പറഞ്ഞ് ഞങ്ങൾക്ക് ചുറ്റുമുണ്ടായിരുന്നവരും നടന്നകന്നു!ആവിജനമായ തെരുവുവീഥികളിലൂടെ തന്റെ പ്രിയപ്പെട്ടവൻ നടന്നകലുന്നത് ജീവനറ്റു പോകുന്ന വേദനയോടെ അവൾ നോക്കിനിന്നു.അവൾ പൊട്ടിക്കരഞ്ഞില്ല....തളർന്നുവീണില്ല....അവൻ അവളിൽ നിന്നും എന്നന്നേയ്ക്കുമായി അടർന്നു വീണിരിക്കുന്നു.സന്തോഷവേളകൾ ഒരു നിമിഷം കൊണ്ട് സങ്കട കടലായ് മാറിയിരിക്കുന്നു.

മുല്ല മുകുളങ്ങൾക്കിടയിലൂടെ ഒരു വണ്ടു മുരണ്ടു കൊണ്ട് കടന്ന് പോയി.ഇളം കാറ്റിൽ മൂന്ന്-നാല് പൂക്കൾ കൊഴിഞ്ഞു വീണു.അപ്പോഴും അവൾ നിശ്ചലയായിരുന്നു.അതിശക്തമായ ഇരമ്പലോടെ മറ്റൊരു വണ്ടി എന്റെ ഇടതു വശത്തുകൂടെ കടന്നുപോയി.ഞാൻ ഞെട്ടിയുണർന്നു.പെട്ടെന്ന് അവളെ നോക്കി.അവൾ അപ്പോഴും മൗനം തുടരുകയായിരുന്നു.എവിടെയെത്തിയെന്ന് ഒരു പിടിയുമില്ല.പെട്ടെന്ന് ചുറ്റിലും അന്ധകാരം വ്യാപിച്ചു. വണ്ടി ഒരു ഗുഹയ്ക്കുള്ളിലൂടെ കടന്നു പോകുകയായിരുന്നു ദൂരെ ഏതോ ഒരു സ്റ്റേഷനിൽ വണ്ടി അൽപ്പനേരം

നിർത്തിയിട്ടു.

“ചായ......ചായ......കാപ്പീം......വടേയ്.....”

അങ്ങനെ നിരവധി നിരവധി ശബ്ദങ്ങൾ കാതുകളിൽ തുളച്ചു കയറിക്കൊണ്ടിരുന്നു.ഞാൻ ജനലഴികളിലൂടെ പുറത്തേക്ക് നോക്കി.എൻെറ ദൃഷ്ടി നേരെ പോയ് പതിച്ചത് ആ കൊച്ചു കുട്ടിയിലേക്കാണ്.ഭാരമേറിയ വലിയ ഇരുമ്പുപെട്ടിയും ചുമന്ന് ഒരു മുതലാളിയുടെ പിന്നാലെ നടന്നു വരുന്ന ആ ചിത്രം എൻെറ മനസ്സിനെ നൊമ്പരപ്പെടുത്തി.ആ പെട്ടി വണ്ടിയിൽ കയറ്റി വെച്ചിട്ട് ആ മുതലാളിയ്ക്കു നേരെ കൈനീട്ടിയ ആ കുട്ടിയുടെ കരങ്ങളിലേക്ക് അൻപതു രൂപയുടെ നോട്ട് അയാൾ എറിഞ്ഞു കൊടുത്തു സന്തോഷത്തോടെ അത് വാരിയെടുത്ത് ആ കുട്ടി ഓടിയപ്പോൾ......

“മുതലാളിയുടെ കനത്ത ഇരുമ്പുപെട്ടികൾക്കു താഴെ ദാരിദ്ര്യത്തിന്റെ തളർന്ന തല ഏത് കറുത്ത തുകയ്ക്കു മുന്നിലും കുനിയപ്പെടും" എന്ന് ഞാൻ മനസ്സിലാക്കി.

വണ്ടി അവിടെ നിന്നും പുറപ്പെട്ടു. പുറത്തെ കാഴ്ച്ചകൾ ഒപ്പിയെടുക്കുന്നതിനിടയിൽ ഞാൻ വീണ്ടും അവളെ നോക്കി. അപ്പോഴും അവൾ മൂകയായിരിക്കുന്നു.......

“ആ മൗനത്തിന്റെ നിലവിളി പ്രപഞ്ചത്തിലാകെ മുഴങ്ങി

കൊണ്ടേയിരുന്നു......!!!”

ശിവപ്രിയ

# മരണം

മരണമേ നിൻ കാലൊച്ച കേൾക്കുന്നു ഞാനിന്ന്

അത്രമേൽ എന്നരികത്ത് നീ വന്നുവോ

ഇന്നീ പുതപ്പിന്റെ ചൂടേറ്റ് മയങ്ങുമ്പോൾ

നിൻ കാലൊച്ച എത്രയോ ഭയാനകം

എങ്കിലും ഞാനറിയുന്നു സോദരാ

നീ വരും ഒരു നാൾ ഈ വഴിയോരത്ത്

അന്നന്റെ  ശ്വാസം നീ കവർന്നെടുക്കവെ

നിലയ്ക്കുമൊരു യാത്ര പാതിവഴിയിൽ

അന്നന്റെ ഓർമ്മകൾ നീ കവർന്നെടുക്കവേ

നിലയ്ക്കുമെൻ ബോധവും ആദ്യാനുരാഗവും

വിടച്ചൊല്ലുവാനിനി നിമിഷങ്ങൾ ബാക്കിയോ

ഇനി എന്തു ചെയ്യേണ്ടു ഞാനീ യാത്രയിൽ

വലിയുന്നു നാഡികൾ നിലയ്ക്കുന്നു ഹൃദയം

അയ്യോ!മരണേ നീ എന്നെ തൊട്ടുവോ

ഡോക്ടർ തൻ കയ്യുകൾ നിസ്സഹായി നിന്നപ്പോൾ

നിന്റെ കരങ്ങൾ സഹായമായി എത്തിയോ

വിട നൽകു ലോകമേ ഇന്നെനിക്കു നീ

പോവുന്നു ഞാൻ അകലേക്കെവിടെയോ

By,

Seethal.N.P

# പ്രളയാനന്തര കേരളം

ദുഃഖത്തിലാഴ്ന്ന കേരളം

പ്രളയത്തിൽ മുങ്ങിയ കേരളം

കേരളം...കേരളം...എന്റെ കേരളം

രക്ഷകർ എത്തി

നാട്ടുകാർ, സൈനികർ, മത്സ്യതൊഴിലാളികൾ

അങ്ങനെ എല്ലാവരും...

പ്രളയജലം കേരളത്തെ മണ്ണിലാഴ്ത്തി

വീടുകൾ, റോഡുകൾ, കെട്ടിടങ്ങൾ

തുടങ്ങിയവയെല്ലാം അവൻ കൊണ്ടുപോയി.

മാനവർ ഒത്തുകൂടി

ജാതിമതഭേതമന്യേ അവർ ഒത്തുകൂടി

വലിയവനെന്നോ ചെറിയവനെന്നോ ഇല്ല

അവിടെ അവർക്ക് വർഗീകരണമില്ല വർഗീയതയില്ല

പ്രളയജലം താണ്ടവമാടിയ കേരളം

മാനുഷരെല്ലാം വിരണ്ടോടി

എന്നാൽ തകർന്നില്ല കേരളം

കേരള ജനത...

നമ്മുടെ പ്രകൃതി നമ്മുടേതാണ്

എന്ന പാഠം നമ്മളെ ഓർമ്മിപ്പിച്ചു

അഹല്യ കൃഷ്ണ കെ

# बचपन की यादों मे

मै नौ साल की थी तब। मेरी परीवार पापा के काम के सहारे चलती थी। खुशी से जी रहे थे हम।छोटा सा घर,खुशी से भरा हुआ।घर में मैं, पापा और मेरी प्यारी सी माँ, हम लोग हँसते हुए,खेलते हुए हर दिन बितानी थी। मेरेलिए मेरी माँ–बाप ही मेरी दुनिया थी।पापा की गुडीया रानी थी मैं।पापा ज़्यादा समय मेरी साथ बिताना चाहता था। पापा काम के बाद घर आते ही मुझे ढुँढता था। पापा मुझे रानी कहकर बुलाती थी लेकिन मेरी नाम तो रिया हैं। पापा कहता था कि मैं उनका छोटी रानी हूँ इसीलिए वो मुझे ऐसे बुलाती है। पापा मुझे स्कूल छोडने के बाद ही काम पे जाते थे। ऐसे खुशी से चलता रही हमारी परीवार को पता नहीं कब किसी के नज़र लगा है।

मेरी अच्छी ज़िदगी में बदलाव आया। दुख से भरने लगी मेरी ज़िदगी। हमारे ज़िदगी विलन बनकर शराब आया। पापा ने शराबी का आदत को अपनालिया था। हमे पत्ता ही नहीं चला पापा कब से इस बुरे आदता को अपनालिया हैं। पापा के इस आदत के वजह से मुसकुराते हुए माँ के चहरे से वो मुसकुराहतू चली गई। माँ बहुत कोशिश की पापा को इस बुरे आदत से निकालाने केलिए। लेकिन पापा तो इसके पीचे ही पड़ने लगा। माँ की बातें सुनने टलो तैयार नहीं था। सुबह काम पे जाते हुए पापा फिर रात में शराब पीकर आते थे। हमेशा मुझसे और माँ से प्यार से बात करनेवाले पापा छोटी–सी बातों पर गुस्से करने लगा। अगर माँ की मुँह से कुछ शब्द निकला तो पापा को गुस्सा आते थे। बहुत ढाँढते थे माँ को। जब गुस्सा और बड़ जाते समय माँ को मारती भी थी। माँ सब कुछ सह कर जी रही थी। मुझसे कह रही माँ कि तुम ये सब बाते सोचकर दुखी मत होना,माँ सब संभालूँगा,पापा को पेहला जैसा बनादूँगा। तुम्हें बस तुम्हारी पढ़ाई पर ध्यान देना है। माँ को मुझे लेकर बहुत सारी तमन्ना थी। माँ चाहती थी कि पापा के शराब का असर मेरी पढ़ाई पर नहीं पड़ना चाहिए इसलिए माँ

मुझे एक कमरे में बिठाकर दरवाज़ा बाहर से बंद कर के जाते थे। क्योंकि में पढ़ाई कर सके अच्छे से और मैं पापा का बुरे बातें न सुन सके।

पापा एक स्कूल में काम करते थे। एक दिन स्कूल के बड़े साब का फाँन आया। बड़े साब ने माँ से जल्दी स्कूल आने को कहा। माँ जल्दी स्कूल पहूँचा। मैं भी माँ के साथ थी। स्कूल के बडे साब ने बताया कि पापा को काम से निकाल दिया हैं। यह बात सुनकर माँ की आँखें लाल होने लगी। पापा को काम से निकालने का कारण भी बड़े साहब ने बता दिया। कारण था पापा के शराबी का आदत। माँ बड़े साब के आगे हाथ छोडकर एक और मौके माँगी। लेकिन बड़े साब एक और मौका देने को तैय्यार नहीं था। वह कहने लगा "किस यकीन के साथ हम उसको काम पर रखे? बच्चे उसे देखकर बिगड़ जाएगी और फिर बच्चों के माँ–बाप हम पर हाथ उड़ाने चले आएगें। हम ऐसा एक खतरे को सर पर उड़ा नहीं रख सकता।" माँ के पास कहने केलिए कुछ भी नहीं थी।उस दिन माँ खूब रोया। माँ के हालत देखकर मैं पापा से बात करने केलिए उनके पास गयी। पापा तो शराब के बोतल हाथ में लेकर बिस्तर पर बैठा था। पापा का लाल आँखे देखकर और वह बुरा बदन..........मैं पापा से बात कर ही नहीं पायी।

मैं एक ही खेडी थी,न कोई भाई–बहन। मेरी दुख कहने केलिए सिर्फ माँ ही थी। वैसे भी माँ बहुत परेशान है पापा को लेकर मैं अपना दुख कहकर माँ को और परिशान नहीं करना चाहती थी। मैने देखा है कि माँ को भगवान के तस्वीर के बात करते हुए वो अपनी दुख भगवान को बतानी थी।इसलिए मैने भी भगवान के तस्वीर के पास गया और अपनी दुखें कहती थी। कई सवाले थी मेरी मन में वो सारी सवालें मैं भगवान से पूछा, भगवान पूछा "क्यों मेरी माँ को रुला रही है? मेरी पापा को ऐसा क्यों बनाकर रखा है........? मुझे मेरी पहलेवाला पापा को कब मिलेगा?.... ऐसे कई सवाल मैने भगवान से पूछा।मुझे विश्वास था कि भगवान मेरी सवालों का जवाब दूँगा और मेरी पहलेवाला पापा को वापस दूँगा भी। उस दिन मैं ऐसे भगवान से सवाल पूछ–पूछ कर

भगवान के तस्वीरें के सामने ही सोया।

हर दिन सुबह मुझे माँ उड़ाती थी।लेकिन उस सुबह माँ ने मुझे नहीं उड़ायी। मैने खुद उड़कर माँ को ढूँढा, लेकिन माँ तो घर में नहीं थी।पूरा घर देखा तो मुझे एक पत्र मिला और उसके पास एक घड़े में चाया भी।उस पत्र में ये लिखा था कि माँ काम केलिए गया है और शाम मे ही लौटेगि। तब तक मुझे घर के बाहर नहीं बिकलना है, पढ़ाई करना है। मेरी मन में ये सवाल था कि माँ को अब काम पे जाने की क्या ज़रूरत है? धीरे–धीरे मुझे पत्ता चला कि मेरी परीवार में गरीबी आ चुकी थी। घर में पैसे कां कमी थी। पापा का काम नही रहा है इसलिए पापा ने शराब पीने केलिए पापा माँ की गहना और जो पैसे घर में थी उसे चुरालिया था। मेरी पढ़ाई केलिए पैसा चाहिए। इसलिए माँ ने काम पे जाने का निर्णय किया हैं। पापा को इन सब पर को कोई खयाल भी नहीं था। लेकिन माँ को ज्य़ादा दिन काम केलिए नहीं जाना पड़ा। माँ बीमार थी उसे ऐसे काम कर नहीं सकती थी। एक दिन माँ की बीमारी बढ गई। मैं और माँ घर में अकेली थी। पापा को बहुत बार किया लेकिन वह नहीं उड़ाया। माँ मेरी पास बैठकर अपनी आखरी साँसें ले रही थी। मैं कुछ नहीं कर पाया। न केई था मेरी मदद करने केलिए। माँ की आखरी वक्त पर माँ ने मुझे बताया कि " अपना खयाल रखना"। यही बोलते ही माँ ही साँसें खतम हुई। घरवाले आया माँ की अंतिम संसार यात्रा केलिए तब भी मैं ने अपने पापा के ऑखो में ऑसु  नहीं देखा था। पापा तो बहुत बदल चुका था। इतना बदल चुका था कि घरवाले पापा के कुछ बोलने से पहले घर में जै कुछ पैसे बचे थे उसे लेकर घर से भाग गया।वो पैसा चुरा लिया था  पापा ने जिसे माँ मेहनत करके मेरी पढ़ाई केलिए संभाल कर रखी थी। मुझे पापा से तरफ नफ़रत और माँ को लेकर दुख थी। मुझे समझ नहीं आ रही थी कि मैं क्या करूँ? कहाँ जाऊँ? घरवाले ने मुझे अनाथ मंदिर में बेचा। वहाँ कई बच्चे थे जिसे माँ–बाप को न देखा है। लेकिन मुझे तो सब थी। अब कुछ भी नहीं रही। लेकिन आज मेरी साथ अपना माँ की यादें उनकी बाते और माँ की आशीरवाद है। मैं अपने माँ के आशये सफल करना चाहती थी। इसलिए

जी रही हूँ ऐसा एक ज़िन्दगी। माँ क्या होती है इसका समझ हमें माँ के चले जाने के बाद होती है। पता नहीं सिर्फ मेरे साथ ही क्यों ऐसा हुआ ऐसे सोचती थी मैं बचपन में। लेकिन मुझे अब समझ आयी कि इसे कहते है ज़िन्दगी। हम जों चाहते है, वो सब मिलते नहीं हैं। जिसको अपना पास हमेशा रखना चाहते हो वो रहते नहीं है।

अब मैं अपनी माँ के सपना पूरा करने की सफर में हूँ। कभी–कभी अपने पापा के बारे में सोचती हूँ कहाँ रहता होगा..? क्या करता होगा? शायद ज़िन्दगी में कभी मिलूँ तो क्या बोलूँ...? अगर पापा ने शराबी का आदत छोड़ दिया नही अपने लिए तो मेरी ज़िन्दगी मे खुशीयाँ होती। अपने माँ के साथ होती। लेकिन आज भी माँ मेरी साथ है मेरी मन में रहती है वह। माँ की दिखाई  रास्ते पर चल रही हूँ मैं। आज में अपने मन में एक सवाल है क्यों पीते है लोग शराब? कितनी ज़िन्दगी को मोड़ा होगा शराब ने...? मैं भी उन ज़िन्दगियों में से एक हूँ! ऐसी थी मेरी बचपन।नौ साल में ही अपनी ज़िन्दगी की सफर में अकेली होनी पड़ी। बचपन के यादे मुझे सिर्फ दुख देती है। मगर उन यादों के ताकत के वजह से मैं अपनी सपना पूरा कर रही हूँ।आज भी जी रही हूँ.....!

Vyshnavi M

(സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ കഥ)